മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് സ്പിരിറ്റ് എത്തിച്ചേരുവാൻ സാധ്യതയുള്ളത് ചെക്ക് പോസ്റ്റുകളിലൂടെയാണ്. സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ സംസ്ഥാനത്തിനു പുറത്തു നിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യത മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ പട്രോളിംഗ് നടത്തിവരികയുമാണ്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയ പാതകളിലും വാഹന പരിശോധന നടത്തിവരുന്നു.

(ബി) എല്ലാ എക്സൈസ് ഡിവിഷനുകളിലും കൃത്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രിയും പകലും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതകളിലും മറ്റു പ്രധാന റോഡുകളിലും വാഹനപരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടു വരാനുള്ള സാധ്യത മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും സ്പിരിറ്റ് കടത്തിനെക്കുറിച്ചുള്ള ഇന്റലിജൻസ് ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയപാതകളിലും വാഹന പരിശോധന നടത്തിവരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

**28 (*598)** ശ്രീ. എം. എ. ബേബി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

എപ്പോഴാണെന്ന് വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ; പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവിന്റെ എത്ര ശതമാനം സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ യു. പി. എ. സർക്കാർ ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) കമ്പോട്ടാഷ് നിയമത്തിൽ വിഴിഞ്ഞം തുറമുഖത്തിന് ഇളവ് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) കേന്ദ്ര സഹായത്തോടുകൂടി വികസിപ്പിക്കാൻ യു. പി. എ. സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം സംസ്ഥാനം നിർദ്ദേശിച്ച തുറമുഖം ഏതായിരുന്നുവെന്ന് വ്യക്തമാക്കുമോ ; അതിന് ലഭിച്ചിരുന്ന കേന്ദ്രസഹായം എത്ര കോടിയായിരുന്നുവെന്നും തുടർനടപടികൾ വല്ലതും ആയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ Viability Gap Funding (VGF) ലഭ്യമാക്കുന്നതിനായുള്ള അപേക്ഷ 2014 ഏപ്രിൽ മാസത്തിൽ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അന്തിമ അനുമതി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. Viability Gap Funding ലഭ്യമാകുക ടെണ്ടറിലൂടെ തെരഞ്ഞെടുക്കുന്ന സ്വകാര്യ പങ്കാളിക്കായിരിക്കും. പദ്ധതിക്ക് സ്വകാര്യ പങ്കാളി ചെലവാക്കേണ്ടുന്ന വിഹിതം ഇപ്പോൾ കണക്കാക്കിയിരിക്കുന്നത് 3950 കോടി രൂപയാണ്. സ്വകാര്യ പങ്കാളി ചെലവാക്കേണ്ട തുകയുടെ 20% വരെ കേന്ദ്രത്തിൽ നിന്ന് ലഭ്യമാകും.

(ബി) യു. പി. എ. സർക്കാരിന്റെ അവസാനകാലത്ത് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിരുന്നില്ല.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കമ്പോട്ടാഷ് നിയമത്തിൽ ഇളവ് ലഭിച്ചിട്ടില്ല. യു. പി. എ. സർക്കാരിന്റെ കാലത്ത് പദ്ധതിക്ക് കമ്പോട്ടാഷ് നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായി ഒരു നിവേദനം മുഖ്യമന്ത്രി നൽകിയിരുന്നു. 2014 ജൂൺ മാസത്തിൽ മുഖ്യമന്ത്രി പുതിയ സർക്കാരിനും ഇതേ ആവശ്യത്തിനായി ഒരു നിവേദനം നൽകിയിട്ടുണ്ട്.

(ഡി) യു.പി.എ. സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം കേന്ദ്രസഹായത്തോടുകൂടി വികസിപ്പിക്കാൻ സംസ്ഥാനം നിർദ്ദേശിച്ചത് അഴീക്കൽ തുറമുഖമാണ്. അതിന്റെ അടിസ്ഥാനത്തിൽ മേജർ പോർട്ട്-കം-ഷിപ്പ് ബിൽഡിംഗ് യാർഡ് അഴീക്കലിൽ സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സ്ഥലപരിശോധന നടത്തുകയും ടി കമ്മിറ്റി 2012 ഏപ്രിൽ 11-ന് അഴീക്കൽ തുറമുഖം സന്ദർശിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരും തുടർന്നുള്ള ഘട്ടങ്ങളിൽ ഫീസിബിലിറ്റിയ്ക്കനുസൃതമായി ടി തുറമുഖം വികസിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന് തീരുമാന മെടുക്കാവുന്നതാണെന്ന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് അഴീക്കൽ തുറമുഖ വികസനം സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. തുറമുഖ വികസനത്തിനായി കേന്ദ്ര സഹായം ഒന്നും ലഭിച്ചിട്ടില്ല.

**സ്പോർട്സ് താരങ്ങൾക്കുള്ള സാമ്പത്തിക സഹായം**

**29 (*599)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ബി) ധനസഹായങ്ങളും, സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റും മറ്റ് സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസംവഴി വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സ്പോർട്സ് താരങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയും A/c Payee ചെക്ക് മുഖേനയുമാണ് വിതരണം ചെയ്യുന്നത്.

(ബി & സി) കായികതാരങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളും സ്പോർട്സ് മേഖലയിലെ സ്ഥാപനങ്ങൾക്ക് ഗ്രാന്റും മറ്റു സാമ്പത്തിക സഹായങ്ങളും ഇലക്ട്രോണിക് ട്രാൻസ്ഫർ മെക്കാനിസംവഴി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കാനുള്ള പദ്ധതി**

**30 (*600)** ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽനിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഉപയോഗിക്കാനുള്ള പദ്ധതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly